## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വൈപ്പിൻ നിയോജക മണ്ഡലം - അസംബ്ലി മണ്ഡല ആസ്തി വികസന പദ്ധതി (2013-14) പ്രകാരമുള്ള റോഡ് പ്രവൃത്തികൾ - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(സാധാ)നം.1166/2014/തസ്വഭവ** **തിരുവനന്തപുരം, തീയതി : 15.05.2014.**

---

പരാമർശം:- (1) ജി.ഒ(പി) നം.332/2012/ധന; തീയതി 11.06.2012.

(2) ശ്രീ.എസ്.ശർമ്മ. എം.എൽ.എയുടെ 23.01.2014-ലെ കത്ത്

(3) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.01.2014-ലെ ഡിബി2/604/14/സിഇ/തസ്വഭവ നം. കത്ത്

## ഉത്തരവ്

അസംബ്ലി മണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീ.എസ്.ശർമ്മ, വൈപ്പിൻ നിയോജകമണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർത്തിട്ടുള്ള 3 പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ട്.

(1) കൊച്ചാംമുക്ക് ജംഗ്ഷൻ- സൗത്ത് റോഡ് - മെറ്റലിംഗ്, ടാറിംഗ്, ഡ്രെയിൻ, കൾവർട്ട് നിർമ്മാണം (വാർഡ് നം.18, എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്, അടങ്കൽ തുക 25,00,000 രൂപ)
(2) എ.എസ്.നഗർ റോഡ് - മെറ്റലിംഗ്, ടാറിംഗ്, ഡ്രെയിൻ, കൾവർട്ട് നിർമ്മാണം (വാർഡ് നം.3, എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്, അടങ്കൽ തുക 25,00,000 രൂപ)
(3) പനമ്പുകാട്-പൈപ്പ്ലൈൻ റോഡ് ടൈലിംഗ് - (വാർഡ് നം.15, 16 മുളവുകാട്ഗ്രാമപഞ്ചായത്ത്, അടങ്കൽ തുക 25,00,000 രൂപ)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വൈപ്പിൻ നിയോജകമണ്ഡലം എം.എൽ.എ ശ്രീ.എസ്.ശർമ്മയുടെ ആസ്തി വികസന പദ്ധതിയിൽ (2013-14) ഉൾപ്പെടുത്തി മേൽപ്രവൃത്തികൾ പരാമർശം (1) ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും എല്ലാവിധ വകുപ്പുതല നടപടികൾക്ക് വിധേയമായും നടപ്പാക്കുവാൻ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് ചെലവ് ആകെ **75,00,000/- രൂപ (എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) '4515-00-800-96-Projects under LAC-ADS(NP)'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സി.വത്സല**

**ഗവ. ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്, എറണാകുളം

സെക്രട്ടറി, മുളവുകാട്ഗ്രാമപഞ്ചായത്ത്, എറണാകുളം

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം

ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ചെയർമാൻ& ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ് ( U.O.18258/NCB2/2014/Fin dated 06.03.2014)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**